# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6546 — 21.11.2019 ൽ മറുപടിക്ക്

### റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സമീപ വർഷങ്ങളിൽ പ്രത്യേകിച്ച് 2018-ലെ മഹാപ്രളയത്തെ തുടർന്ന് റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ഉണ്ടായിട്ടുള്ള ജോലിഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2018 -ലെ മഹാപ്രളയത്തിൽ റവന്യൂ ജീവനക്കാർ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. ഈ സമയത്തെ റവന്യൂ ജീവനക്കാരുടെ ജോലിഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| (ബി) റവന്യൂ വകുപ്പിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും കാര്യക്ഷമതയ്ക്കും വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വില്ലേജ് ആഫീസുകളുടെ അറ്റകുറ്റപ്പണി, ടോയ് ലറ്റ്, അഡീഷണൽ റൂം നിർമ്മാണം, വില്ലേജാഫീസുകളിൽ വരുന്ന പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവ ഏർപ്പെടുത്തിവരുന്നു. |
| (സി) വിവിധ പരീക്ഷകളിൽ അപേക്ഷകൾ സമർപ്പിക്കുമ്പോൾ തന്നെ വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിനായി നിർദ്ദേശിക്കുന്നത് ഒഴിവാക്കി, പ്രവേശനം ലഭിച്ചവർ മാത്രം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതി എന്ന് ക്രമീകരിച്ചാൽ വില്ലേജ്, താലൂക്ക് ഓഫീസുകളിലെ ജോലിഭാരം കുറയ്ക്കാൻ സഹായിക്കും എന്നുള്ളതുകൊണ്ട് ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) 07/02/2017-ൽ ചേർന്ന യോഗത്തിൽ സംസ്ഥാന എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ തന്നെ ക്രീമിലെയർ തുടങ്ങിയ സർട്ടിഫിക്കറ്റുകൾ കൂടി ഹാജരാക്കണമെന്നുള്ള നിലവിലെ രീതിക്കു പകരം അപേക്ഷകൾ നൽകി അതിന്റെ നടപടികൾ പൂർത്തിയാക്കി പരീക്ഷയും കഴിഞ്ഞശേഷം സെലക്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് അപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയെന്ന് തീരുമാനമെടുക്കുകയുണ്ടായി. മേൽ നിർദ്ദേശം പ്രവേശന പരീക്ഷ കമ്മീഷണറെ അറിയിച്ചിരുന്നെങ്കിലും, നടപ്പിൽ വരുത്തിയിട്ടില്ല. KEAM 2020 പ്രവേശന പരീക്ഷ ഏപ്രിൽ മാസത്തിൽ നടത്താനിരിക്കുന്നതിനാൽ, അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം |

പ്രസിദ്ധീകരിക്കുന്നതോടെ അപേക്ഷകൾ വില്ലേജ്/താലൂക്ക് ഓഫീസുകളെ സമീപിക്കുവാനും, തന്മൂലം ടി ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനും ഇടയുള്ളതിനാൽ, വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുൻപ് തന്നെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതിന് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും അറിയിപ്പ് നൽകാവുന്നതാണെന്നും, പ്രസ്തുത അറിയിപ്പ് നൽകിയ വിവരം ബന്ധപ്പെട്ട കാര്യാലയങ്ങളെ അറിയിക്കാവുന്നതാണെന്നും പ്രവേശന പരീക്ഷ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിൽ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**